**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 227** **23-08-2022 - ൽ മറുപടിയ്ക്ക്**

**ആശുപത്രികളിലെ മരുന്ന് ക്ഷാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിവിധ ആശുപത്രികളിൽ രോഗികൾക്ക് മരുന്ന് ലഭിക്കുന്നില്ലായെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മരുന്ന് ക്ഷാമം പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ചിലയിനം മരുന്നുകളുടെ ലഭ്യതക്കുറവ് ശ്രദ്ധയിൽപ്പെട്ടിരുന്നു.<br>ഇത് പരിഹരിക്കുന്നതിനായി മെഡിക്കൽ സർവീസ് കോർപ്പറേഷൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>പ്രസ്തുത മരുന്നുകൾ ലഭ്യമായ ജില്ലകളിലെ സ്ഥാപനങ്ങളിൽ നിന്നും / ജില്ലാ മരുന്നു സംഭരണശാല മുഖേനയും കൈമാറ്റം നടത്തിയിരുന്നു.<br><br>അത്യാവശ്യ മരുന്നുകൾ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി മുഖേന ലഭ്യമാക്കിയിരുന്നു.<br><br>നടപ്പ് സാമ്പത്തിക വർഷം നല്കിയ പർച്ചേസ് ഓർഡറുകൾ അനുസരിച്ചുള്ള മരുന്നുകൾ ആഗസ്റ്റ് മാസം 30 ഓടെ പൂർണ്ണതോതിൽ എത്തിക്കുന്നതിനുള്ള നടപടികളും കോർപ്പറേഷന്റെ ഭാഗത്തു നിന്നും സ്വീകരിച്ചിട്ടുണ്ട് |
| (ബി) | രോഗികൾക്ക് അത്യാവശ്യഘട്ടത്തിൽ നിർദ്ദേശിക്കുന്ന എല്ലാ മരുന്നുകളും സർക്കാർ ആശുപത്രികളിൽ ലഭ്യമാകുന്നുണ്ടോ; വിശദമാക്കാമോ? | (ബി) | സ്പെഷ്യാലിറ്റി ചികിത്സയ്ക്ക് ഉപയോഗിക്കുന്ന, അവശ്യമരുന്നു പട്ടികയിലും, സ്പെഷ്യാലിറ്റി മരുന്നു പട്ടികയിലും ഉൾപ്പെട്ട ജനറിക് മരുന്നുകളും അനുബന്ധ സാമഗ്രികളും വാർഷിക ഇൻഡന്റിന്റെ അടിസ്ഥാനത്തിലാണ് ദേശീയ തലത്തിൽ ഇ-ദർഘാസുകൾ ക്ഷണിച്ച് മരുന്നു സംഭരണം നടത്തുന്നത്. ദർഘാസിൽ വിതരണക്കാരെ ലഭിക്കാത്ത മരുന്നുകൾക്ക് പുനർദർഘാസ് ചെയ്യാറുണ്ട്.<br>ദർഘാസിലും പുനർദർഘാസിലും വിതരണക്കാരെ ലഭ്യമാകുന്ന ഇനങ്ങൾക്ക് വിതരണോത്തരവുകൾ നല്കി മരുന്നുകൾ സംഭരിച്ച് ഇൻഡന്റിനും ആവശ്യകതയ്ക്കും അനുസൃതമായി അതത് ആശുപത്രികൾക്ക് നല്കാറുണ്ട്. |

| | | | |
|---|---|---|---|
| | | | **കെ.എം.എസ്.സി.എൽ-ലൂടെ ലഭ്യമല്ലാത്ത അവശ്യ മരുന്നുകൾ മുൻകാലങ്ങളിലെ പോലെ വിവിധ സ്കീമുകളിലൂടെ രോഗികൾക്ക് ലഭ്യമാക്കുന്നുണ്ട്.** |

സെക്ഷൻ ഓഫീസർ